## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.*414

14/11/2019 ൽ മറുപടിക്ക്

### റീസർവ്വേ നടപടികൾ

**ചോദ്യം**
**ശ്രീ.സി.കൃഷ്ണൻ**
**,, ബി.ഡി. ദേവസ്സി**
**,, വി.കെ.പ്രശാന്ത്**
**,, ഒ. ആർ. കേളു**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിലവിൽ റീസർവ്വേ പൂർത്തീകരിച്ച് എത്ര വില്ലേജുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്. |
| (ബി) | റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ ഡിജിറ്റൈസേഷൻ നടത്തി ഇ-രേഖാ വെബ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | റീസർവെ പൂർത്തിയായ 906 വില്ലേജുകളിൽ 838 വില്ലേജുകളുടെ FMB കളും, 787 വില്ലേജുകളുടെ ബ്ലോക്ക് മാപ്പുകളും, 197 വില്ലേജുകളുടെ ലാൻഡ് രജിസ്റ്ററുകളും സ്കാനിംഗ് പൂർത്തിയായിട്ടുണ്ട്. ഇവയിൽ 800 വില്ലേജുകളുടെ FMB കൾ ഇ-രേഖാ വെബ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | റീസർവ്വേ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ റീസർവ്വെ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി വില്ലേജ്, പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളെയും, റസിഡൻസ് അസോസിയേഷനുകളെയും, പൊതു ജനങ്ങളെയും ഉൾപ്പെടുത്തി മീറ്റിംഗുകൾ സംഘടിപ്പിക്കുകയും, കൂടാതെ റീസർവ്വെ സംബന്ധിച്ച വിവിധ ഘട്ടങ്ങൾ മാധ്യമങ്ങൾ മുഖേന പൊതു ജനങ്ങൾക്ക് അറിയിപ്പ് നൽകിയും റീസർവ്വെ പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ